കൾക്ക് ഇപ്പോൾ ടാക്സില്ല. അതുകൊണ്ട് ജനുവരി മാസം മുതൽ 12 ശത മാനം ടാക്സ് ചുമത്തിയിട്ടുള്ള പി.വി.സി. ചെരുപ്പുകൾ, കൈകൊണ്ടു നിർമ്മി ക്കുന്ന സോപ്പ് മുതലായവയെ ടാക്സിൽനിന്ന് പൂർണ്ണമായി ഒഴിവാക്കണം. ഖാദി അപ്രൂവ്ഡ് യൂണിറ്റുകളുടെ കൂട്ടത്തിൽ കമ്പ്യൂട്ടർ ഉൽപന്നങ്ങൾ, എ.സി. മെഷീനുകൾ, ഫ്രിഡ്ജ് തുടങ്ങിയവ നിർമ്മിക്കുന്ന യൂണിറ്റുകൾ ഉണ്ട്. അത്തരം മെച്ചപ്പെട്ട യൂണിറ്റുകൾക്ക് ഈ ആനുകൂല്യം കൊടുക്കണമെന്ന് അഭിപ്രായമില്ല. തമിഴ്നാട്ടിലും കർണ്ണാടകത്തിലും നികുതിയില്ല, അവിടെ നിന്ന് പലവഴിക്കും സാധനങ്ങൾ കൊണ്ടുവന്ന് വിൽക്കുമ്പോൾ കേരളത്തിലെ യൂണിറ്റുകൾ അടച്ചുപൂട്ടേണ്ടിവരും. ടാക്സില്ലാതെ വിൽക്കാൻ ആകാത്ത അപ്രൂവ്ഡ് യൂണിറ്റുകൾ അടച്ചുപൂട്ടപ്പെടും. ജനുവരി മാസത്തെ ടാക്സ് ചുമത്തി ഇരട്ടിപ്പിഴ ഈടാക്കുന്നതിനുവേണ്ടി കോഴിക്കോട് ജില്ലയിൽ എടുത്ത നടപടികൾ നിറുത്തിവയ്ക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഇവരെ ഇതിൽ നിന്ന് ഒഴിവാക്കണം. തമിഴ്നാട്ടിലും കർണ്ണാടകത്തിലും ടാക്സ് ഇല്ലാതെ വന്നാൽ ഇവിടത്തെ വ്യവസായ യൂണിറ്റുകൾ അടച്ചുപൂട്ടപ്പെടും. അവിടെ നിന്ന് ഇഷ്ടംപോലെ സാധനങ്ങൾ ഇവിടെക്കൊണ്ടുവന്ന് വിൽക്കാനുള്ള സാഹചര്യമുണ്ടാകുമോയെന്നും ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പരി ശോധിക്കണം.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, 1.1.2000 മുതൽ നികുതിയുടെ തറനിരക്ക് തീരുമാനിക്കുകയുണ്ടായി. അതനുസരിച്ച് 10 ലക്ഷം രൂപവരെ വാർഷിക വിറ്റുവരവുള്ള യൂണിറ്റുകളെ നികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. ഇതിന് വാർഷിക വിറ്റുവരവ് ബാധകമല്ല. ഖാദി അപ്രൂവ്ഡ് യൂണിറ്റുകൾക്ക് അവർ വാങ്ങുന്ന അസംസ്കൃത വസ്തുക്കളുടെ മേലുള്ള നികുതി, ഉൽപന്നത്തിന്റെ നികുതിയിൽനിന്ന് കിഴിക്കുന്ന വ്യവ സ്ഥയും ഉണ്ട്. അതായത് റാമെറ്റീരിയലിന്റെ പ്രൈസ് സെറ്റ് ഓഫ് ചെയ്യും, ആഡ് ചെയ്ത വാല്യൂവിന്റെ ടാക്സ് ഉണ്ട്, അതാണ് ഇനി ഇൻഡ്യയിൽ മുഴു വൻ അടുത്തവർഷം വരാൻ പോകുന്നത്. വാല്യൂ ആഡഡ് ടാക്സ്, സെറ്റ് ഓഫ് കൊടുക്കുമ്പോൾ നികുതിയില്ലാത്ത സ്ഥിതിവരും, ഇനിയും ഒന്നുകൂടി പരിശോധിച്ച്, എല്ലാ വശങ്ങളും പരിശോധിച്ച് ഗവൺമെന്റിന് ടാക്സ് കുറ യ്ക്കാൻ സെക്ഷൻ 10-കെ.ജി.എസ്.ടി. ആക്ടുമതി, കൂട്ടാൻ ലെജിസ്ലേഷൻ വേണം. എല്ലാ വശങ്ങളും പരിശോധിച്ച് നടപടിയെടുക്കും, അങ്ങനെയുള്ള വ്യവസായങ്ങളെ നശിപ്പിക്കാൻ സർക്കാർ ഏതായാലും അനുവദിക്കില്ല.

(14) ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പിലെ ഡയറക്ടർ നിയമനം

ഡോ. എം.എ. കുട്ടപ്പൻ : ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പിലെ പട്ടിക ജാതിക്കാരനായ ജോയിന്റ് ഡയറക്ടറെ ഡയറക്ടറാക്കത്തതു സംബന്ധി ച്ചാണ് ഞാൻ സബ്മിഷൻ ഉന്നയിക്കുന്നത്. ലോക്കൽ ഫണ്ട് ആഡിറ്റു വകു പ്പിൽ സീനിയർ മോസ്റ്റായിട്ടുള്ള പട്ടികജാതി ജീവനക്കാരനാണ് ശ്രീ. കെ.കെ. രാജൻ, കെ.കെ. രാജനെ ഡയറക്ടറാക്കുന്നതിനുപകരം ഇൻഡ്യൻ ആഡിറ്റ് ആന്റ് അക്കൗണ്ട്സ് സർവീസിലെ ജൂനിയറായിട്ടുള്ള ശ്രീമതി പി. രാധാദേ വിയെ ഡെപ്യൂട്ടേഷനിൽ ഇവിടെ നിയമിച്ചിരിക്കുകയാണ്. ഇത് പട്ടികജാതി ക്കാരോടുള്ള തികഞ്ഞ അവഗണനയാണ്. ഇവിടെ നിയമിക്കപ്പെട്ട പുതിയ ഡയറക്ടർ ബഹുമാനപ്പെട്ട അങ്ങയുടേയും മുൻധനകാര്യ മന്ത്രി വിശ്വനാഥ മേനോന്റേയും ബന്ധുവാണെന്നു അറിയുന്നു. അതിന്റെ പേരിൽ ഒരു പട്ടിക ജാതിക്കാരനെ അവഗണിക്കുന്നത് കഷ്ടമാണെന്നു പറയുകയാണ്. ഡെപ്യൂ

LIBRARY ARCHIVES Kerala Legislative Assembly

ട്ടേഷനിൽ ആളെ വയ്ക്കണമെന്നുണ്ടെങ്കിൽ കെ.എസ്.എസ്.ആറിലെ 9(ബി) പ്രകാരം ഓർഡറിനകത്ത് വ്യക്തമായി പറഞ്ഞിരിക്കണം. അത് പറഞ്ഞിട്ടില്ല. ലോക്കൽ ഫണ്ട് ആഡിറ്റിൽ മാത്രമല്ല പട്ടികജാതിക്കാരൻ വകുപ്പുതലവനാകുമ്പോൾ അവിടെയെല്ലാം ഐ.എ.എസ്.കാരെ വയ്ക്കുന്ന പ്രവണത വളർന്നുവരികയാണ്. ഉദാഹരണമായി വിദ്യാഭ്യാസ വകുപ്പിലെ ഡി.പി.ഐ.യിൽ പട്ടികജാതിക്കാരൻ മദനനുശേഷം വീണ്ടും പട്ടികജാതിക്കാരൻ വരുന്നുവെന്ന് കണ്ടപ്പോൾ ഐ.എ.എസ്.കാരെ വച്ചുതുടങ്ങി. പഞ്ചായത്തിൽ പട്ടികജാതിയിലെ അപ്പൂട്ടി വന്നപ്പോൾ അത് ഒഴിവാക്കാൻ വേണ്ടി ഐ.എ.എസ്.കാരെ വച്ചു. മുനിസിപ്പാലിറ്റിയിൽ ഐ.എ.എസ്.കാരെ വയ്ക്കുന്നു. അഗ്രികൾച്ചറിൽ ഐ.എ.എസുകാരെ വയ്ക്കുന്നു, ഫിഷറീസിൽ ഐ.എ.എസു.കാരെ വയ്ക്കുന്നു, പട്ടികജാതിക്കാർ വകുപ്പു തലവൻമാർ ആയി വരുമ്പോൾ ഒഴിവാക്കാൻവേണ്ടി ഐ.എ.എസ്.കാരെ വയ്ക്കുന്നു, ഇവിടെയും ഐ.എ.എസുകാരെ വച്ചിരിക്കുന്നു. സർ, അങ്ങ് പറയാൻ പോകുന്നത് എന്താണെന്ന് എനിക്കറിയാം. അങ്ങ് പറയാൻ പോകുന്നത്, ശ്രീമാൻ ഉമ്മൻചാണ്ടിയുടെ കാലത്ത് ലോക്കൽ ഫണ്ട് ആഡിറ്റ് ആക്ട് ഉണ്ടാക്കി, അതുകൊണ്ട് ഐ.എ.എസ്.കാരെ വയ്ക്കാൻ പോകുന്നു എന്ന് അങ്ങ് പറയാൻ പോകുന്നു. ലോക്കൽ ഫണ്ട് ആഡിറ്റ് ആക്ട് എന്നു പറയുന്നത് ഒരു ban ആക്ട് മാത്രമാണ്, ആ ആക്ടിലെ സെക്ഷൻ 3(1) പ്രകാരം Director can be appointed by selection on notification in the Gazette. ഇവിടെ നോട്ടിഫിക്കേഷനില്ല, ഒന്നും ഉണ്ടായിട്ടില്ല, സ്പെഷ്യൽ റൂൾ ഒന്നും ഉണ്ടായിട്ടില്ല. ഒരു എക്സിക്യൂട്ടീവ് ഓർഡർ പോലും ഇല്ല. ഡി.പി.സി. കൂടി, ഒരു ലിസ്റ്റേ ഉണ്ടാക്കിയിട്ടില്ല. ഇതൊന്നും ഇല്ലാതെ വെറും ഡെപ്യൂട്ടേഷനിൽ ഒരു ഐ.എ.എസ്.കാരനെ എടുത്തത് പട്ടികജാതിക്കാരോടുള്ള അവഗണനയാണ്. അത് ശരിയല്ല. നിലവിലുള്ള, അർഹതയുള്ള ശ്രീമാൻ കെ.കെ. രാജൻ 1987- മുതൽ 12 വർഷം സീനിയോറിറ്റിയുള്ള ആളാണ്, ജോയിന്റ് ഡയറക്ടറായിരുന്ന ആളാണ്. രാധാദേവിയെ പിൻവലിച്ചുകൊണ്ട് ആ സ്ഥാനത്ത് അർഹതയുള്ള പട്ടികജാതിക്കാരനായ ശ്രീമാൻ കെ. കെ. രാജനെ തന്നെ നിയമിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, ബഹുമാനപ്പെട്ട അംഗം പട്ടികജാതിയിൽപ്പെട്ട ഉദ്യോഗസ്ഥൻമാരോട് അനീതി ചെയ്യുന്ന കാര്യങ്ങളാണ് നടക്കുന്നതെന്ന് പറയുകയുണ്ടായി. അതുകൊണ്ട് എനിക്ക് രണ്ടു മിനിട്ട് സംസാരിക്കാൻ ആവശ്യമുണ്ട്. ലോക്കൽ ഫണ്ട് ഡയറക്ടർ തസ്തിക ഒരു പ്രൊമോഷൻ തസ്തികയല്ല, 1994-ലെ കേരള ലോക്കൽ ഫണ്ട് ആഡിറ്റ് ആക്ടിലെ സെക്ഷൻ 3(1) പ്രകാരം അതിൽ പറയുന്നത് നിശ്ചിതയോഗ്യതയുള്ള ആളുകളെ ഗസറ്റ് വിജ്ഞാപനപ്രകാരം ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പിന്റെ ഡയറക്ടറായി നിയമിക്കാവുന്നതാണ് എന്നാണ്. ആക്ട് നിലവിൽ വന്നപ്പോൾ വകുപ്പ് തലവനായ ലോക്കൽ ഫണ്ട് എക്സാമിനറെ ഡയറക്ടറായി നിയമിച്ചതായി കണക്കാക്കുകയും പുതിയ ഡയറക്ടറെ നിയമിക്കുന്നതുവരെ തുടരാമെന്ന് വ്യവസ്ഥ ചെയ്തിട്ടുമുണ്ട്. ഈ നിയമം പ്രാബല്യത്തിൽ വരുമ്പോൾ ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറായി ശ്രീ. എൻ. ചന്ദ്രനാഥൻ ഡയറക്ടറുടെ ചുമതല നിർവഹിക്കുകയായിരുന്നു. 1996-ൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി അധികാരമെടുക്കുമ്പോഴും ശ്രീ. ചന്ദ്രനാഥൻ ഡയറക്ടറുടെ ചുമതലയാണ് വഹിച്ചിരുന്നത്. അദ്ദേഹം ഫയൽ ചെയ്ത ഒ.പി.യിൻമേൽ ബഹു. ഹൈക്കോടതിയുടെ നിർദ്ദേശം ഉണ്ടായിരുന്നിട്ടുപോലും രണ്ടുവർഷം ഡയറക്ടറുടെ ചുമതല നിർവഹിച്ചിരുന്ന പട്ടികജാതിയിൽപ്പെട്ട അദ്ദേഹത്തിനെ ഡയറക്ടർ

[11.00 a.m.]

LIBRARY ARCHIVES Kerala Legislative Assembly

ആക്കിയില്ല. പട്ടികജാതിയിൽപ്പെട്ട അദ്ദേഹത്തിന് ഡയറക്ടറുടെ പദവി അന്നത്തെ സർക്കാർ നൽകിയിട്ടില്ല. 1996-ൽ ഇന്നത്തെ സർക്കാരാണ് അദ്ദേഹത്തെ ഡയറക്ടറായി സ്ഥാനകയറ്റം നൽകി നിയമിച്ചത്. രണ്ടു വർഷമായി അതേ തസ്തികയുടെ ചാർജ് വഹിച്ചിരുന്ന ഒരു പട്ടികജാതിക്കാരന് പ്രമോഷൻ നൽകുകയെന്ന സമീപനമാണ് സർക്കാർ കൈക്കൊണ്ടത്. ലോക്കൽ ഫണ്ട് നിയമത്തിലെ സെക്ഷൻ 3(1) പ്രകാരം സർക്കാരിന് ഡയറക്ടറുടെ യോഗ്യത നിശ്ചയിക്കാവുന്നതാണ്. അത് അനുസരിച്ച് 9-2-1995-ൽ ചേർന്ന മന്ത്രിസഭാ യോഗത്തിൽ ലോക്കൽ ഫണ്ട് ആഡിറ്റിന്റെ ഡയറക്ടറായി ഐ.എ.എസ്. ഉദ്യോഗസ്ഥനെ ഡയറ്കറായി നിയമിക്കാൻ തീരുമാനിച്ചു. ആ തീരുമാനം 9-2-1995-ൽ ഗവൺമെന്റ് എടുത്ത ക്യാബിനറ്റ് ഡിസിഷനാണ്. അധികാര വികേന്ദ്രീകരണത്തിന്റെയും, ജനകീയാസൂത്രണത്തിന്റെയും ഫലമായി ഈ വകുപ്പിൽ ഇപ്പോൾ ലഭ്യമായിരിക്കുന്ന അധിക ചുമതലകളും ഉത്തരവാദിത്വവും ജോലിഭാരവും പരിഗണിച്ച് ശ്രീ. ചന്ദ്രനാഥൻ റിട്ടയർ ചെയ്തപ്പോൾ മുൻ സർക്കാർ തീരുമാനിച്ചപ്രകാരം ആഡിറ്റിൽ പരിചയവും ഭരണനിർവഹണത്തിൽ കഴിവുമുള്ള ഐ.എ.എസ്. ഉദ്യോഗസ്ഥനെത്തന്നെ ഡയറക്ടറായി നിയമിക്കണമെന്ന് സർക്കാർ തീരുമാനിച്ചത് അനുസരിച്ചാണ് പുതിയ ഡയറക്ടറെ നിയമിച്ചത്. ഡയറക്ടറുടെ നിയമനം നടത്തിയത് വകുപ്പിന്റെ താൽപര്യം നോക്കിയാണ്, അതിന് പരിഗണിച്ചത്, ഈ ജോലിക്ക് കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറൽ അയച്ചുതന്ന പാനലിൽ നിന്നാണ്. ആ പാനൽ, ഐ.എ.എസ്-ന്റെ പാനൽ, അതിൽ ഡിപ്പാർട്ടുമെന്റിൽ നിന്ന് വന്ന ഫസ്റ്റ് നെയിം ഈസ് അപ്പോയിന്റഡ്. അത്രയേയുള്ളു. അല്ലാതെ ഇതിൽ വേറെ ബന്ധുവാണോ എന്ന് എനിക്കറിയില്ല. ബന്ധുവാണോ എന്ന് അറിയുകേയില്ല. സത്യമാണ് അത്. അതുകൊണ്ട് അവർ തന്ന ലിസ്റ്റിലുള്ളതാണ്. ആ ലിസ്റ്റിലെ ഫസ്റ്റ് നെയിമാണ്. അത് എന്റെ മുമ്പിൽ എത്തിയപ്പോഴാണ് ഞാൻ അറിയുന്നത്. അതാണ് സത്യം. മറിച്ചു പറയണമെങ്കിൽ- ഐ.എ.എസ്. ഉദ്യോഗസ്ഥന് ഒരു ലോക്കൽഫണ്ട് ഡയറക്ടറാകാൻ ആഗ്രഹമുണ്ടാവുകയില്ലേ. പിന്നെ ഇവിടെ ഉയർന്ന ഒരു കാര്യം പറയാം. പട്ടികജാതി വകുപ്പിന്റെ താൽപര്യം നോക്കിയിട്ടാണോ, അതു പരിഗണിച്ചില്ല എന്നു പറഞ്ഞു. പട്ടികജാതി പട്ടിക വർഗ്ഗ വിഭാഗങ്ങളോട് കാണിക്കുന്ന അവഗണനയോ വിവേചനമോ അല്ല. ഈ വകുപ്പിന്റെ ആദ്യത്തെ ഡയറക്ടറായി പട്ടികജാതിക്കാരനെ നിയമിച്ചത് ഈ സർക്കാരാണെന്നും അതു ബഹുമാനപ്പെട്ട മെമ്പറുടെ പാർട്ടി തടഞ്ഞു വച്ചിരുന്നതാണെന്നും ഓർക്കുന്നത് നല്ലതാണ്. മാത്രമല്ല നിരവധി ഉയർന്ന തസ്തികകളിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഉദ്യോഗസ്ഥൻമാരെ നിയമിച്ചത് ഈ സർക്കാരാണെന്നുള്ളതിൽ എനിക്ക് അഭിമാനമുണ്ട്. 1997-ൽ ഐ.എ.എസ്. കൺഫർ ചെയ്ത് നിയമിച്ച പതിനഞ്ചു ഉദ്യോഗസ്ഥൻമാരിൽ 14 പേരും പട്ടികജാതി പട്ടികവർഗ്ഗക്കാരാണ്.

ഡോ. എം.എ. കുട്ടപ്പൻ : അതു കോടതിയുടെ തീരുമാനമാണ്.

ശ്രീ. ടി. ശിവദാസമേനോൻ : സർ, കോടതി പറഞ്ഞിട്ടും നിങ്ങൾ നിയമിച്ചിട്ടില്ല. ഈ പതിനഞ്ചു ഉദ്യോഗസ്ഥൻമാരിൽ പതിന്നാലുപേരും പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഉദ്യോഗസ്ഥനെ സ്ഥാനഭ്രഷ്ടനാക്കിയതു പോലെയോ പട്ടികജാതിക്കാരനായ ഐ.പി.എസ്. ഉദ്യോഗസ്ഥന് ഡി.ജി.പി. സ്ഥാനം നൽകാതെ ഒഴിവാക്കിയതുപോലെയോ ഉള്ള, കഴിഞ്ഞ സർക്കാരിന്റെ നടപടികളൊന്നും ഇപ്പോഴത്തെ സർക്കാരിന്റെ ഭാഗത്തു നിന്നുണ്ടായിട്ടില്ല. പിന്നെ നടരാജൻ ഇപ്പോൾ പി.ആർ.ഡി സെക്രട്ടറിയാണ്. ആഭ്യന്തരവകുപ്പ് സെക്രട്ടറി പട്ടികജാതിക്കാരനാണ്. അതുപോലെ ഹോം സെക്രട്ടറി. ഹോം സെക്രട്ടറി കെ.കെ. വിജയകുമാർ പട്ടികജാതിക്കാരനാണ്. ഇപ്പോൾ ആരാണ്

LIBRARY ARCHIVES Kerala Legislative Assembly

ഹോം സെക്രട്ടറി, കെ.കെ. വിജയകുമാർ. വിജയകുമാർ പട്ടികജാതിക്കാരനാണ്.

മി. സ്പീക്കർ : സബ്മിഷൻ ഉന്നയിക്കുമ്പോൾ ഇതൊന്നും ഇത്ര വിശദമായി പറയണ്ട. ഇന്റർഫിയറൻസ് പാടില്ല.

ശ്രീ. ടി. ശിവദാസമേനോൻ : സർ, അങ്ങനെ പറയരുത്. കുറെ വകുപ്പ് അദ്ധ്യക്ഷൻമാർ ഐ.എ.എസ്. പോസ്റ്റിംഗ് ആണ്. ഇവർ മാത്രമല്ല ബഹുമാനപ്പെട്ട കുട്ടപ്പൻ കേൾക്കണം. 1987 വരെ ഇലക്ട്രിസിറ്റി ബോർഡിൽ അടക്കം സ്പെഷ്യൽ റിക്രൂട്ടുമെന്റേ നടന്നിട്ടില്ല. ഓരോ വകുപ്പിലും എത്രത്തോളം പട്ടികജാതിക്കാർ ഉണ്ടെന്നു നോക്കാൻ അന്ന് ഞങ്ങളുടെ ഭരണപക്ഷത്തുള്ള ഡെപ്യൂട്ടിസ്പീക്കറായിരുന്ന ഭാർഗ്ഗവി തങ്കപ്പൻ പ്രതിപക്ഷത്തുള്ള ഡോ. എം.എ. കുട്ടപ്പനാണോ എന്ന് ഓർമ്മയില്ല, മൂന്ന് ഷെഡ്യൂൾഡ് കാസ്റ്റ് എം.എൽ.എ.മാർ എന്റെ ഓഫീസിൽ ഇരുന്ന് പരിശോധിച്ച് ലിസ്റ്റ് തയ്യാറാക്കി. വിവിധ തസ്തികയിലേക്ക് അങ്ങനെ പട്ടികജാതിക്കാരെ നിശ്ചയിച്ച ആദ്യത്തെ ഗവൺമെന്റ് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റാണ്. അതു മനസ്സിലാക്കണ്ടേ? ഇങ്ങോട്ടു പറയുമ്പോൾ ഡിഫെന്റ് ചെയ്യണ്ടേ? ഞാൻ ഡിഫെന്റു ചെയ്തു.....(തടസം).....

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, ഹരിജൻ....

ശ്രീ. ടി. ശിവദാസമേനോൻ : നിങ്ങൾ ഹരിജനങ്ങളോട് ചെയ്തതൊക്കെ.....ഹരിജൻ എന്നുപറയാൻ പാടില്ല. പട്ടികജാതി എന്നുപറയണം. ഹരിജൻ എന്നുപറഞ്ഞതുതന്നെ തെറ്റാണ്. ഡോ. കുട്ടപ്പൻ പറയട്ടെ ഹരിജൻ എന്നുപറയുമോ?

ഡോ. എം.എ. കുട്ടപ്പൻ : ഹരിജൻ എന്നുപറയാൻ പാടില്ല.

ശ്രീ. ടി. ശിവദാസമേനോൻ : എഗ്രീഡ്. അദ്ദേഹത്തിൽനിന്നും പഠിക്കൂ. ഹരിജൻ എന്നുപറയാൻ പാടില്ല.

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, അങ്ങു പഠിച്ചു വരണം ആദ്യം.....

മി. സ്പീക്കർ : ശ്രീ. കെ.സി. വേണുഗോപാൽ : ശ്രീ. കെ.സി. വേണുഗോപാൽ....

ശ്രീ. കെ.സി. വേണുഗോപാൽ : സർ, ...

മി. സ്പീക്കർ : സബ്മിഷൻ വേളയിൽ ഇതു പാടില്ല. അത് ചെയർ വീണ്ടും ആവർത്തിക്കുകയാണ്. സബ്മിഷൻ വേളയിൽ ഇതു പാടില്ല. അങ്ങനെയാണെങ്കിൽ ഒരു സബ്മിഷനും ഇവിടെ ഉന്നയിക്കാൻ പറ്റില്ല. അസാധാരണമായ ഒരു സംഭവം.....അടിയന്തിരപ്രമേയം മനസ്സിലാക്കാം.....(ബഹളം).....

ശ്രീ. ആര്യാടൻ മുഹമ്മദ് : മന്ത്രിക്ക് എന്തും പറയാമോ?

മി. സ്പീക്കർ : ഓരോ സബ്മിഷൻ വേളയിലും ഇങ്ങനെ ഇന്റർഫിയർ ചെയ്യാൻ തുടങ്ങിയാൽ ..... മന്ത്രി എന്തും പറയുകയാണെങ്കിൽ അതിനു മാർഗ്ഗമില്ലേ; ഇതാണോ മാർഗ്ഗം?

ശ്രീ. കെ.സി. വേണുഗോപാൽ : .....(ബഹളം).....

(15) "അമരാവതി സബ്ട്രഷറി" എന്ന നാടകം നിരോധിക്കാനുള്ള നീക്കം

ശ്രീ. കെ.സി. വേണുഗോപാൽ : സർ, കേരളത്തിലെ ജനപ്രിയ നാടകകൃത്ത് എന്ന നിലയിൽ ശ്രദ്ധേയനായ ശ്രീമൂലനഗരം മോഹൻ മുപ്പത്തഞ്ചു നാടകങ്ങളെഴുതി. സംസ്ഥാന സർക്കാരിൽ നിന്നും മികച്ച നാടക രചനയ്ക്ക്

LIBRARY ARCHIVES Kerala Legislative Assembly

ഒന്നാം സമ്മാനം വാങ്ങിയ ആളാണ്. അഞ്ചു സിനിമയ്ക്ക് തിരക്കഥ എഴുതിയിട്ടുണ്ട്. അവാർഡ് കമ്മിറ്റിയിൽ അംഗമായിരുന്നു. എഴുത്തിലൊക്കെ ഇടതു പക്ഷ സ്വഭാവം പുലർത്തുന്ന ആളാണ്. ആ ശ്രീമൂലനഗരം മോഹൻ ഏറ്റവും ഒടുവിൽ എഴുതിയ 'അമരാവതി സബ് ട്രഷറി' എന്ന നാടകം കൊല്ലത്തെ അരീനാ തിയേറ്റേഴ്സ് അവതരിപ്പിക്കുന്നു. സർ, ഈ നാടകത്തിൽ സാധാരണക്കാർ ട്രഷറി ഓഫീസിൽ എത്തുമ്പോൾ അനുഭവിക്കുന്ന ദുരിതങ്ങളാണ് ഹാസ്യാത്മകമായി ചിത്രീകരിച്ചിട്ടുള്ളത്. ഈ നാടകം എഴുതിയതിന്റെ പേരിൽ ആലുവ സബ്ട്രഷറി ജീവനക്കാരനായിരുന്ന മോഹനന് എതിരായി ട്രഷറി വകുപ്പ് അച്ചടക്ക നടപടികൾ ആരംഭിച്ചിരിക്കുകയാണ്. ധനകാര്യ സെക്രട്ടറിയും ട്രഷറി ഡയറക്ടറും മറ്റും ഈ നാടക രചനയ്ക്ക് മുൻകൂർ അനുവാദം വാങ്ങിയിട്ടുണ്ടോ എന്ന് വിശദീകരണം ചോദിച്ചു. മാത്രമല്ല സ്ക്രിപ്റ്റ് ഞങ്ങളെ കാണിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് എഴുതിയിരിക്കുന്നു. ആവിഷ്ക്കാര സ്വാതന്ത്ര്യത്തിന് ഏറ്റവും കൂടുതൽ മുറവിളി കൂട്ടുന്നവരാണ് നമ്മൾ. ദീപാ മേത്തയുടെ 'വാട്ടർ' സിനിമയ്ക്ക് നേരെ അപ്പുറത്തു നിന്നും ഇപ്പുറത്തുനിന്നും ഒരുപോലെ പ്രതിഷേധമുയർത്തി. അതിനെതിരെ ഉത്തരേൻഡ്യയിൽ സംഘ്പരിവാർ അടക്കമുള്ള ആളുകൾ നടത്തുന്ന കടന്നുകയറ്റത്തിനെതിരെ നമ്മൾ ഒറ്റക്കെട്ടായി പ്രതിഷേധിച്ചവരാണ്. വാട്ടർ സിനിമക്ക് എതിരെ പ്രതിഷേധിച്ച ബി.ജെ.പി. ഗവൺമെന്റിന് എതിരായി നമ്മൾ ഒറ്റക്കെട്ടായി പ്രതിഷേധിച്ചെങ്കിൽ ഇവിടെ ഇടതുപക്ഷ ജനാധിപത്യ ഗവൺമെന്റ് ആവിഷ്ക്കാര സ്വാതന്ത്ര്യത്തിന് എതിരായി കടന്നുകയറ്റം നടത്തിയിരിക്കുന്നു. ഇഷ്ടമില്ലാത്ത പരാമർശനങ്ങൾ നടത്തിയതിന്റെ പേരിൽ ഏതു സാഹിത്യ രചനക്കും കൂച്ചുവിലങ്ങിടാൻ അധികാരമുപയോഗിക്കുന്നവരാണ് നമ്മൾ. ഇതിനുമുമ്പ് അരുന്ധതി റായിക്ക് സ്വീകരണം കൊടുത്തതിന്റെ പേരിൽ കോഴിക്കോട് ട്രഷറി വകുപ്പിലെ പ്രഭാകരൻ എന്ന ഉദ്യോഗസ്ഥനെതിരെ അച്ചടക്ക നടപടി സ്വീകരിച്ചു. എന്താണിത്? ആവിഷ്ക്കാര സ്വാതന്ത്ര്യത്തിനെതിരെ കടന്നുകയറ്റം നടത്തുന്നു. ഇടതുപക്ഷസ്വഭാവമുണ്ടെന്നു പറയുന്ന ഈ ഗവൺമെന്റ് 'വാട്ടർ' സിനിമക്ക് എതിരായി നടത്തുന്ന ബി.ജെ.പി. ഗവൺമെന്റിനെതിരായി പ്രസംഗിക്കുന്ന ആളുകൾ ഇവിടെ ആവിഷ്ക്കാര സ്വാതന്ത്ര്യത്തിന് എതിരായി കടന്നാക്രമണം നടത്തിക്കൊണ്ടിരിക്കുകയാണ്. ഇതു അവസാനിപ്പിക്കണം. എൻ.ജി.ഒ. യൂണിയന് എതിരായി പരാമർശമുണ്ട് എന്ന ഒറ്റ കാരണം കൊണ്ടാണ് ഇടതുപക്ഷ ചിന്താഗതിക്കാരനായ മോഹനന് എതിരായി അച്ചടക്ക നടപടി സ്വീകരിക്കുന്നത്. ഈ അച്ചടക്ക നടപടി പിൻവലിക്കണം. എഴുത്തുകാരന്റെ ആവിഷ്ക്കാര സ്വാതന്ത്ര്യം അദ്ദേഹത്തിന് വിട്ടുകൊടുക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, ബഹുമാനപ്പെട്ട അംഗം ഒരു പ്രധാനപ്പെട്ട പ്രശ്നമാണ് ഉന്നയിച്ചിട്ടുള്ളത്. അത് അർഹിക്കുന്ന ഗൗരവത്തോടുകൂടി ഗവൺമെന്റ് കാണുന്നു. ഒരു പറ്റം ട്രഷറി ഉദ്യോഗസ്ഥൻമാരുടെ കംപ്ലെയിന്റിന്റെ മുകളിൽ, കംപ്ലെയിന്റ് കിട്ടിയിട്ടേയുള്ളൂ. ആവിഷ്ക്കാര സ്വാതന്ത്ര്യത്തിൽ ഒന്നും ചെയ്യാൻ പോകുന്നില്ല. ഇതു തെറ്റാണെന്ന് ചില സാംസ്ക്കാരികനായകൻമാർ നമ്മുടെ കടമ്മനിട്ട, പിരപ്പൻകോട് മുരളി ഇവരൊക്കെ നിവേദനം നടത്തിയിട്ടുണ്ട്. കെ.സി. വേണുഗോപാൽ വളരെ നല്ലൊരു കാര്യമാണ് ഇവിടെ ഉന്നയിച്ചിട്ടുള്ളത്. നീതിക്കുവേണ്ടി പ്രസംഗിക്കുകയാണുണ്ടായത്. ശ്രീമൂലനഗരം മോഹനന്റെ പേരിൽ ഒരു നടപടിയും എടുക്കുന്നില്ല. ഈ ഗവൺമെന്റ് അദ്ദേഹത്തിനെ acquit ചെയ്യും.

LIBRARY ARCHIVES Kerala Legislative Assembly